"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27/05/2020-ലെ തീരുമാനങ്ങൾ - കുടുംബശ്രീ സി.ഡി.എസ്. മുഖേന വിൽക്കുന്ന കുടകൾക്ക് 20 ശതമാനം സബ്സിഡി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐഎ) വകുപ്പ്

സ.ഉ.(സാധാ) നം.1105/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/06/2020

---

പരാമർശം:- 1. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21/05/2020-ലെ കറിപ്പ് (SRG/372/20).

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ 27/05/2020-ൽ ചേർന്ന യോഗത്തിലെ തീരുമാനം നം.4.22.

<u>ഉത്തരവ്</u>

കുടുംബശ്രീയ്ക്ക് നിലവിൽ നൂറിലധികം കുട നിർമ്മാണ യൂണിറ്റുകൾ ഉണ്ട്. ഈ യൂണിറ്റുകൾ നിർമ്മിക്കുന്ന കുടകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ അംഗങ്ങൾക്കും നിർധനരായ കുടുംബങ്ങൾക്കും നൽകാനും അതുവഴി സാമൂഹിക അകലം എന്ന ആശയം കുടുംബങ്ങളിൽ എത്തിക്കാനും കുടുംബശ്രീ സംരംഭകർക്ക് വിപണി ഉറപ്പു വരുത്താനും ഉദ്ദേശിക്കുന്നതായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്. നിലവിലെ സാഹചര്യത്തിൽ സമൂഹത്തിൽ വാങ്ങൽ ശേഷി കുറഞ്ഞു നിൽക്കുന്നതിനാൽ കുടകൾക്ക് 20 ശതമാനം സബ്സിഡി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. 27/05/2020-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിഗണിക്കുകയും, കുടുംബശ്രീ സി.ഡി.എസ്. മുഖേന വിൽക്കുന്ന കുടകൾക്ക് 20 ശതമാനം സബ്സിഡി നൽകുന്നതിന് പരാമർശം (2) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2)-ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, കുടുംബശ്രീ സി.ഡി.എസ്. മുഖേന വിൽക്കുന്ന കുടകൾക്ക് 20 ശതമാനം സബ്സിഡി നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വിൽക്കുന്ന കുടകളുടെ എണ്ണമനുസരിച്ച് സബ്സിഡി തുക സി.ഡി.എസിന് കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി മോൾ ഡി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ഗ്രാമാപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ജി.എസ്.എസ്.എ/ഇ.ആർ.എസ്.എ), കേരളം

തിരുവനന്തപുരം,

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്,

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ